# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3768 23/08/2017-ൽ മറുപടിക്ക്

## വിദ്യുച്ഛക്തി സ്വയം പര്യാപ്തത

| | ചോദ്യം<br><br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>,,കെ. കൃഷ്ണൻകുട്ടി | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിന്റെ മൊത്തം വിദ്യുച്ഛക്തി ആവശ്യകത എത്രയാണ്; ഇതിൽ എത്രയാണ് സംസ്ഥാനം സ്വന്ത മായി ഉത്പാദിപ്പിക്കുന്നത്; എത്ര യാണ് മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നത്; | (എ) | 2017 ആഗസ്റ്റ് മാസത്തെ (ആഗസ്റ്റ് 15 തീയതി വരെയുള്ള കണക്ക് അനുസരിച്ച്) പ്രതിദിന ശരാശരി ഉപഭോഗം/ആവശ്യകത 64.8244 ദശലക്ഷം യൂണിറ്റാണ്. ഇതിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പ്രതിദിന ശരാശരി വൈദ്യുതി 17.5432 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാന ത്ത്പുറത്തു നിന്ന് കേന്ദ്രവിഹിതം ഉൾപ്പെടെ പ്രതിദിന ശരാശരി 47.2812 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങുന്നുണ്ട്. (കേന്ദ്രവിഹിതം 23.8303 ദശലക്ഷം യൂണിറ്റ്) |
| (ബി) | സംസ്ഥാനത്തിന്റെ വിദ്യുച്ഛക്തി സ്വയം പര്യാപ്തത സംബന്ധിച്ച് എന്തൊക്കെ കാര്യങ്ങളാണ് സർ ക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നത്; | (ബി) | വൈദ്യുതി സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നിലവിൽ നിർമ്മണം നടന്നു വരുന്ന **'9'** ജലവൈദ്യുത പദ്ധതികൾ (ആകെ 165 MW) സമയബന്ധിതമായി പൂർത്തിയാക്കുകയും, കൂടാതെ '16' പുതിയ ജലവൈദ്യുത പദ്ധതികൾ (ആകെ 156.5 MW) നടപ്പിലാക്കുവാനുമാണ് ലക്ഷ്യമിട്ടി ട്ടുള്ളത്.<br><br>പാരമ്പര്യേതര ഊർജ്ജ സ്രോത സ്സുകളിൽ നിന്നുള്ള ഊർജ്ജ ഉത്പാദനം ലക്ഷ്യമിട്ട് സംസ്ഥാനത്താകെ സൗരോ ർജ്ജത്തിൽ നിന്നും 90 MW കാറ്റിൽ നിന്നും 59.275 MW-ഉം വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. സർക്കാരിന്റെ പദ്ധ തി പ്രകാരം 2022-ഓടു കൂടി 1000 MW-ന്റെ സോളാർ പദ്ധതികൾ പൂർത്തീകരിക്കാൻ |

(...2)

ലക്ഷ്യമിടുന്നു. വിഭാവനം ചെയ്ത സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കാസർഗോഡ് സോളാർ പാർക്ക് (36 MW ചാർജ്ജ് ചെയ്തു) | 164 MW |
| ചീമേനി സോളാർ പാർക്ക് | 200 MW |
| NTPC | 175 MW |
| മറ്റ് ഉപഭോക്താക്കൾ, കെ.എസ്.ഇ.ബി ലിമിറ്റഡ്, കൊച്ചി മെട്രോ റെയിൽ | 371 MW |
| പൂർത്തീകരിച്ചത് | 90 MW |
| **ആകെ** | **1000 MW** |

കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡ് 6.125 MW- ന്റെ പദ്ധതികളും സ്വകാര്യ വ്യക്തികൾ 112 MW-ന്റെ പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്.

കേരള ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സ്വകാര്യ മേഖലയിലൂടെ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുതപദ്ധതികൾ അനുവദിച്ച് 'BOOT' അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നുണ്ട്. സ്വന്തം സ്ഥലത്തിലുള്ള പദ്ധതിയാണെങ്കിൽ സർക്കാരിലേക്ക് അടയ്ക്കേണ്ട കുറഞ്ഞ പ്രീമിയം അടച്ച് (Rs. 15 lakh/MW) സർക്കാർ നിബന്ധനകളോടെ ചെറുകിട ജല വൈദ്യുതി പദ്ധതികൾ നടപ്പിലാക്കുവാൻ പ്രോത്സാഹനം നൽകുന്നു.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോ വോൾട്ടായിക് സോളാർവിന്റ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്.

(...3)

| | | | |
|---|---|---|---|
| | | | കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ സർക്കാർ ഉടമസ്ഥത യിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്ന തിനും 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങളുടെ സഹകരണ ത്തോടെ, അക്ഷയ ഊർജ്ജ ഉപകരണ ങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രച രണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചു നൽകാൻ പദ്ധതിയുണ്ട്. |
| (സി) | പരമ്പരാഗത ഊർജ്ജസ്രോതസു കളിൽ നിന്ന് എത്ര വിദ്യുച്ഛക്തി ലഭ്യമാക്കാനാണ് സർക്കാർ ലക്ഷ്യ മിടുന്നത്? | (സി) | പരമ്പരാഗത ഊർജ്ജസ്രോതസുകളിൽ നിന്നും ലക്ഷ്യമിടുന്ന പദ്ധതികളുടെ വിവരം അനുബന്ധം I & II ആയി ചേർക്കുന്നു.<br>ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ സ്വകാര്യ മേഖലയുടെ സഹകരണത്തോടുകൂടി ഈ വർഷത്തോ ടുകൂടി ആകെ 295 MW സ്ഥാപിതശേഷി ചെറുകിട ജലവൈദ്യുത മേഖലയിൽ കൈവരിയ്ക്കാൻ കഴിയുമെന്നാണ് കരുതു ന്നത്. ഇപ്പോൾ ഏകദേശം 200 MW ന്റെ പദ്ധതികൾ ചെറുകിട ജലവൈദ്യുത മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

3768

അനുബന്ധം 1

## നിർമ്മാണം നടന്നുവരുന്ന പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിതശേഷി (MW) | ഉല്പാദനശേഷി (MU) |
|---|---|---|---|
| 1 | പെരുന്തേനരുവി | 6 | 25.77 |
| 2 | കക്കയം | 3 | 10.39 |
| 3 | ഭൂതത്താൻകെട്ട് | 24 | 83.5 |
| 4 | പൊരിങ്ങൽക്കുത്ത് SHEP | 24 | 45.02 |
| 5 | ചെങ്കുളം ഓഗ്മെന്റേഷൻ | - | 85 |
| 6 | അപ്പർ കല്ലാർ | 2 | 5.14 |
| 7 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 | 153.9 |
| 8 | തോട്ടിയാർ | 40 | 99 |
| 9 | ചാത്തൻകോട്ടുനട II | 6 | 14.76 |
| | ആകെ | 165 | 522.48 |

സെക്ഷൻ ഓഫീസർ

3368

അനുബന്ധം 2

## സംസ്ഥാനത്ത് നടപ്പിലാക്കുവാനായി ആവിഷ്കരിച്ചിരിക്കുന്ന പുതിയ ജലവൈദ്യുത പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിതശേഷി (MW) | ഉല്പാദന ശേഷി (MU) |
|---|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 | 24.7 |
| 2 | പഴശ്ശിസാഗർ | 7.5 | 25.16 |
| 3 | വടക്കേപ്പുഴ എക്സ്റ്റൻഷൻ | - | 0.7 |
| 4 | ചിന്നാർ | 24 | 76.45 |
| 5 | അപ്പർ ചെങ്കുളം | 24 | 53.22 |
| 6 | ലാഡ്രം | 3.5 | 12.13 |
| 7 | ഒലിക്കൽ | 5 | 10.26 |
| 8 | പൂവാരംതോട് | 3 | 5.88 |
| 9 | മാർമ്മല | 7 | 23.02 |
| 10 | ചെമ്പുക്കടവ് - III | 7.5 | 17.715 |
| 11 | മാങ്കുളം | 40 | 82 |
| 12 | പീച്ചാട് | 3 | 7.74 |
| 13 | വെസ്റ്റേൺ കല്ലാർ | 5 | 17.41 |
| 14 | മരിപ്പുഴ | 6 | 14.84 |
| 15 | വാളാംതോട് | 7.5 | 15.291 |
| 16 | ആനക്കയം | 7.5 | 22.83 |
| | ആകെ | 156.5 | 409.34 |

സെക്ഷൻ ഓഫീസർ